മുഴുവൻ നൽകാനുള്ള സാഹചര്യം ഉണ്ടാക്കണം. ഇവിടെ സബ്സിഡി ചോദിക്കുന്നില്ല. എല്ലാ ആളുകളും പ്രസംഗിക്കുമ്പോൾ സബ്സിഡി വേണമെന്നാണ് പറയുന്നത്. കരിമ്പ് കൃഷിക്കാർക്ക് കൊടുക്കാനുള്ള കാശാണ് ചോദിക്കുന്നത്. തുടർച്ചയായി മൂന്നു വർഷം വരൾച്ച കൊണ്ട്, ഇന്നും കൂടിവെള്ളം ലോറികളിൽ കൊടുക്കുന്ന പ്രദേശത്ത് അത്യാവശ്യം കരിമ്പുള്ളതിന്റെ കാശാണ് കൊടുക്കാൻ ബാക്കിയുള്ളത്. അത് എന്തു തന്നെ ആയാലും ശരി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ മാർച്ച് 31-ന് മുമ്പുതന്നെ ഈ തുക ഏത് ഫണ്ടിൽ നിന്നായാലും എടുത്ത് അവർക്ക് നൽകി വൺടൈം സെറ്റിൽമെന്റിന്റെ ആനുകൂല്യം ലഭിക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡിനെ സംബന്ധിച്ച് Enterprises Reforms Committee നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും പിരിഞ്ഞു പോകാൻ തയ്യാറുള്ളവർക്ക് വി.ആർ.എസ്. നൽകുവാനും സ്ഥാപനത്തെ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ ധനകാര്യവും എക്സൈസും വകുപ്പു മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതു പ്രകാരം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡിനെ സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി കോഴിക്കോടുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നികുതി വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ തീരുമാനപ്രകാരം വി.ആർ.എസ്. നടപ്പിലാക്കുന്നതിനായി ധനസഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അത് ചെയ്യുന്നതാണ്. കരിമ്പ് കൃഷിക്കാർക്ക് ഏകദേശം 3151 കോടി രൂപ നൽകാനുണ്ട്. ഈ തുക എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. 31-ാം തീയതിക്കുള്ളിൽ കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(7) പരവൂർ-മയ്യനാട്-കുണ്ടുമൺ പാലങ്ങളുടെ നിർമ്മാണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ മണ്ഡലത്തിലെ മുനിസിപ്പൽ പട്ടണമായ പരവൂരിനെയും ഇരവിപുരം മണ്ഡലത്തിലെ മയ്യനാടിനെയും ബന്ധിപ്പിച്ച് കൊല്ലത്തെ റെയിൽവേ പാലത്തിന് സമാന്തരമായി ഒരു കായൽ പാലം നിർമ്മിക്കുന്നതിനുവേണ്ടി അന്നത്തെ പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കെ. ബാവയും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയും കൂടി വന്ന്

LIBRARY ARCHIVES Kerala Legislative Assembly

തറക്കല്ലിട്ട കല്ല് ഇന്നും അവിടെയുണ്ട്. അതുകഴിഞ്ഞ് ഏഴ്, എട്ട് വർഷമായി യാതൊരു നടപടികളും തുടങ്ങിയില്ല. എത്രയും പെട്ടെന്ന് ഈ പാലത്തിന്റെ നിർമ്മാണം ആരംഭിച്ച് നബാർഡിന്റെ ലിസ്റ്റിൽപ്പെടുത്തി ആ പണി പൂർത്തീകരിക്കണമെന്നതാണ് എന്റെ ആവശ്യം. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊല്ലം-ഓയൂർ റോഡിലുള്ള കുണ്ടുമൺ പാലത്തിന്റെ പണി 1998-ലാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തുടങ്ങിയത്. 18 മാസത്തിനകം പൂർത്തീകരിക്കുമെന്ന് പറഞ്ഞാണ് കരാർ ഏറ്റെടുത്തത്. 1-7-2001-ൽ പണി പൂർത്തീകരിക്കേണ്ടിയിരുന്നു. അതിൽ 25% പണി മാത്രമേ നടന്നിട്ടുള്ളൂ. അവരെ ടെർമിനേറ്റ് ചെയ്തുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് സ്വകാര്യവ്യക്തികൾക്ക് വീണ്ടും ടെന്റർ നടത്തിക്കൊടുത്ത് ഈ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിൽപ്പെടുത്തിയിട്ടുള്ള പണികളെല്ലാം ഇഴഞ്ഞാണ് നീങ്ങുന്നത്. അതിന്റെ ക്വാളിറ്റിയെക്കുറിച്ച് പരിശോധിക്കാൻ വിദഗ്ദ്ധ സമിതിയെ ഏർപ്പെടുത്തണമെന്നു കൂടി ഞാൻ ആവശ്യപ്പെടുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, പരവൂർ-മയ്യനാട് പാലം പണിക്കുവേണ്ടി 908 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും നബാർഡ് സഹായത്തിനായി സമർപ്പിക്കുകയും ചെയ്തു. അനുമതി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കുണ്ടുമൺ പാലത്തിന്റെ പണി 1998-ലെ schedule rate അനുസരിച്ച് 78.56% അധികനിരക്കിൽ കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് കരാർ ഏറ്റെടുത്തിരുന്നത്. കരാറനുസരിച്ച് 20-7-98 മുതൽ 18 മാസത്തിനകം പണി പൂർത്തിയാക്കേണ്ടതായിരുന്നു. പല കാരണങ്ങളാൽ പണി മന്ദഗതിയിലാണ് നീങ്ങിയത്. 5 വർഷം കഴിഞ്ഞിട്ടും 25% പണികൾ മാത്രമെ തീർക്കാനായുള്ളൂ. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള കരാർ ഇപ്പോൾ റദ്ദാക്കിയിട്ടുണ്ട്. ബാക്കി പണികൾക്ക് 2004-ലെ schedule rate അനുസരിച്ച് estimate തയ്യാറാക്കി കഴിഞ്ഞു. കഴിവതും വേഗം നടപടികൾ പൂർത്തിയാക്കും. 2005-06 വർഷത്തിൽ പണികൾ പുനരാരംഭിക്കുന്നതാണ്.

(8) പ്രാഥമിക സഹകരണസംഘം ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പ്രാഥമിക സഹകരണസംഘം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുക, ഇ. പി. എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്കുകൂടി പെൻഷൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കേരള കോപ്പറേറ്റീവ് എംപ്ലോയീസ് ഇന്ന് സെക്രട്ടറിയേറ്റിനു മുൻപിൽ ധർണ്ണ നടത്തുകയാണ്. വൈകിയാണെങ്കിലും ഇവരുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly